# Deepika

## 27 August 2018

## Thiruvananthapuram; Landslides

# ഉരുൾപൊട്ടൽ മേഖലകളിൽ നിർമാണങ്ങൾ വിലക്കി

● ശാസ്ത്രീയപഠനം കഴിഞ്ഞുമാത്രം അനുമതി



**തിരുവനന്തപുരം:** സംസ്ഥാനത്ത് മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായ മേഖലകളിൽ വീടുകൾ ഉൾപ്പെടെയുള്ളവ പുനർനിർമിക്കുന്നതിനു സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി.

ഇത്തരം പ്രദേശങ്ങളിൽ സർക്കാർ തലത്തിൽ ശാസ്ത്രീയ പഠനങ്ങൾ നടത്തി നിർമാണത്തിനു സാധ്യമായ മേഖലകൾ ഏതൊക്കെയെന്നു തിട്ടപ്പെടുത്തും. അതുവരെ ഈ മേഖലകളിൽ നിർമാണത്തിനു തദ്ദേശ സ്ഥാപനങ്ങൾ അനുമതി നല്കരുതെന്നു ചീഫ് സെക്രട്ടറി ടോം ജോസ് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നല്കി.

ഉരുൾപൊട്ടൽ മേഖലകളിലെ പുനർ നിർമാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണെന്നു കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പിണറായി വിജയനും പത്രസമ്മേളനത്തിൽ അറിയിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണ് ഇന്നലെ ചീഫ് സെക്രട്ടറിയുടെ നിർദേശം. ദുരന്ത സാധ്യതയുള്ള മേഖലകളിൽ ശാസ്ത്രീയ പരിശോധനകൾ നടത്താതെ പുനർനിർമാണം നടത്തിയാൽ അപകടം വീണ്ടും ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്താണു നിയന്ത്രണം ഏർപ്പെടുത്തിയത്.

പുനർനിർമാണം ഇപ്പോൾ നടത്തരുതെന്ന തീരുമാനം കർശനമായി നടപ്പാക്കാനാണു നിർദേശം. ജില്ലാ കളക്ടർമാർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും ജില്ലാ പോലീസ് മേധാവികൾക്കും ചീഫ് സെക്രട്ടറിയുടെ ഈ നിർദേശം നല്കിയിട്ടുണ്ട്.